**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5430** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾ പോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച് പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ച് വരികയാണ്. എന്നാൽ ഇത്തരത്തിൽ പുനഃക്രമീകരണം നടത്തുമ്പോൾ സ്റ്റുഡൻസ് കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>ദീർഘദൂര സർവീസുകളിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും സമീപമുള്ള പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ഒറ്റപ്പെട്ട ഭാഗങ്ങളിൽ യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയ്യെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് |

പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ മുഖേന പെൻഷൻ ഇനത്തിൽ വിതരണം ചെയ്യുന്ന തുക പലിശ ഉൾപ്പെടെ സർക്കാർ തന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം ലഭ്യമാക്കുന്നതിന് Super Fast AC Premium ബസ്സുകളിൽ Push Back Seat, Air Condition സംവിധാനം ഉള്ള ബസ്സുകളും, ഗ്രാമ പ്രദേശങ്ങളിലും, ഉൾനാടൻ സ്ഥലങ്ങളിലും വീതി കുറഞ്ഞ റോഡുകളിലും സർവ്വീസ് നടത്തുന്നതിന് 28 - 34 സീറ്റ് ഉള്ള ചെറിയ ബസ്സുകൾ നിരത്തിലിറക്കാനും നടപടികൾ സ്വീകരിച്ചു വരുന്നു.

ടിക്കറ്റ് ഇതര വരുമാനം

കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും, ബസ് സ്റ്റേഷൻ പരസ്യം, മൊബൈൽ ടവർ, Public Information System, ഷോപ്പ് ഓൺ വീൽസ്, ബസ് സ്റ്റേഷനുകളിൽ ATM കൗണ്ടറുകൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. ടിക്കറ്റിതര വരുമാനം വർധിപ്പിക്കാൻ കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതി നടപ്പിലാക്കി. കൂടുതൽ ഡിപ്പോകളിലേക്ക് പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിനും, Kerala Irrigation Infrastructure Development Corporation-നുമായി ചേർന്ന് Hilly Aqua എന്ന കുപ്പിവെള്ളത്തിന്റെ വില്പന ആരംഭിക്കുകയും, എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ബസുകളിലും വ്യാപിപ്പിക്കുവാനും ഉള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

കെ.എസ്.ആർ.ടി.സി.യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നല്ല നിലവാരമുള്ള ഭക്ഷണവും അത്യാവശ്യ സാധനങ്ങളും ലഭ്യമാക്കുന്നതിനായി Restaurant cum Supermarket തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ ആരംഭിച്ചു.

പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരികയാണ്.

കർണാടക, തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായുള്ള IRCTC-യുമായി സഹകരിച്ച് ടൂർ പാക്കേജുകൾ ചെയ്യുന്നതിനുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.

"കെ.എസ്.ആർ.ടി.സി. ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയും അന്തിമ രൂപം നൽകി വരുന്നു.

"കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നിലവിൽ ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് യാത്രകൾക്കായി യാത്രക്കാർക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം മെയ് 2024 മുതൽ ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ്പോർട്ടൽ ആരംഭിക്കുന്നനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

1) <u>General Pocket Radio Service (GPRS), Bluetooth, Radio Frequency Identification (RFID) സംവിധാനമുള്ള ETM മെഷീനുകൾ കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കി.</u>

5500 എണ്ണം ഇ.ടി.എം.കൾ 93 യൂണിറ്റുകളിലായി നടപ്പിലാക്കിക്കഴിഞ്ഞു.

2) <u>റെന്റൽ മാനേജ്മെന്റ് സിസ്റ്റം</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് ഇതര വരുമാനം കൈകാര്യം ചെയ്യുന്ന എസ്റ്റേറ്റ് വിഭാഗത്തിലെ എല്ലാവിധ പണം ഇടപാടുകളും ഓൺലൈൻ വഴി അടയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും ഓൺലൈൻ സംവിധാനം ആയ റെന്റൽ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്‌വെയർ 03.04.2023-ന് നടപ്പിലാക്കി കഴിഞ്ഞു.

ടി സംവിധാനം നടപ്പിലാക്കുന്നതു വഴി കേരളത്തിൽ ഉടനീളമുള്ള വാടക സംബന്ധമായ പണം ഇടപാടുകൾ കൃത്യമായി അറിയുവാൻ സാധിക്കും.

3) <u>കൊറിയർ സംവിധാനം</u>

കെ.എസ്.ആർ.ടി.സി.യിൽ കൊറിയർ സംവിധാനം 15.06.2023 മുതൽ ആരംഭിച്ചു.

കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും.

നിലവിൽ 47 യൂണിറ്റുകളിൽ ടി സംവിധാനം സജ്ജമാണ്.

4) <u>സ്മാർട്ട് ട്രാവൽ കാർഡ്</u>

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായി ടിക്കറ്റ് ലഭിക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ് പദ്ധതി. ആർ.എഫ്.ഐ.ഡി. സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോട് കൂടിയ ട്രാവൽ കാർഡാണ്.

5) <u>ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം</u>

മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരെ ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ സഹായിക്കും.

പ്രിവന്റീവ് / റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസുകളും ആയി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിന് കീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും.

ടയർ, ലൂബ്രിക്കന്റ്, മറ്റെല്ലാ സ്പെയർ പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്.

ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ്സ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈൻ ആയി തന്നെ നടത്തുവാനും നിരീക്ഷിക്കാനും സാധിക്കും.

6) <u>ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ</u>

കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിങ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ

| | | | |
|---|---|---|---|
| | | | ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് മെഷീനുകൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാട്ടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും.<br><br>7) <u>ടോൾ മാനേജ്മെന്റ് സോഫ്റ്റ് വെയർ</u><br><br>ടോൾ പ്ലാസകളിൽ ഫാസ്ടാഗിന്റെ ഫീസ് അടയ്ക്കുന്നതിനായി മോട്ടോ ഫ്ലീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി.ക്കായി ടോൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയത്.<br><br>ടി സ്ഥാപനം ടോൾ പ്ലാസ ഫാസ്ടാഗ് പേയ്മെന്റുകളിലെ റിട്ടേൺ യാത്രാ നിരക്ക് കണക്കുകൂട്ടൽ, പിശകുകൾ, ഡ്യൂപ്ലിക്കേറ്റ് ഇടപാടുകൾ, ടോൾ നിരക്ക് കണക്ക് കൂട്ടലിലെ പിശകുകൾ എന്നിവ തിരിച്ചറിയുകയും ഫാസ്ടാഗ് ഇഷ്യൂവർ ബാങ്കുമായി സഹകരിച്ച് വിവാദ ഇടപാടുകൾക്കെതിരെ റീഫണ്ടുകൾ ആരംഭിക്കുകയും ചെയ്യും.<br><br>തിരിച്ചറിഞ്ഞ തർക്കങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി.യുമായി പങ്കിടുകയും അതുവഴി വരുമാന ചോർച്ച തടയാൻ സാധിക്കും.<br><br>8) <u>ഓൺലൈൻ കൺസഷൻ സംവിധാനം</u><br><br>വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ ഡിപ്പോകളിൽ വരാതെ തന്നെ ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ആദ്യഘട്ടത്തിൽസംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 8 യാത്രാ ഫ്യൂവൽറീട്ടയിൽ ഔട്ട്ലെറ്റുകളും രണ്ട് ലൂബ് ഷോപ്പുകളും രണ്ടാം ഘട്ടത്തിൽ 6 യാത്രാ ഫ്യൂവൽറീട്ടയിൽ ഔട്ട് ലെറ്റുകളും ഇതിനകം ആരംഭിച്ചിട്ടുണ്ട്. പതിനഞ്ചാമത്തെ യാത്രാ ഫ്യൂവൽ ഔട്ട് ലെറ്റായ പെരുമ്പാവൂർ യാത്രാ ഫ്യുവൽഔട്ട്ലെറ്റ് ഉദ്ഘാടനത്തിനായി സജ്ജമായിട്ടുണ്ട്. |
| (ബി) | നഷ്ടത്തിലോടുന്ന സർവീസുകൾ അവസാനിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പൊതുഗതാഗത സർവീസിനെ ആശ്രയിക്കുന്നവരെ | (ബി) | ഇല്ല, നഷ്ടത്തിൽ ഓടുന്ന സർവീസുകൾ പുനഃക്രമീകരണം നടത്തുമ്പോൾ സ്റ്റുഡൻസ് കൺസഷൻ, ഒറ്റപ്പെട്ട മറ്റ് യാത്രാ സൗകര്യം |

| | | | |
|---|---|---|---|
| | അത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | | ഇല്ലാത്ത റൂട്ടുകൾ, ആദിവാസി തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ള ട്രിപ്പുകൾ തുടരുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം പൊതുഗതാഗതത്തെ ആശ്രയിക്കുന്നവരെ ബാധിക്കാതിരിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. |
| (സി) | ചെലവ് കുറയ്ക്കാനും വരുമാന ചോർച്ചയുണ്ടാകാതിരിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | <u>ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി മെക്കാനിക്കൽ വിഭാഗത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ</u><br><br>കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി AC പ്രീമിയം ക്ലാസ്സ് സൂപ്പർ ഫാസ്റ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് AC ബസ്സുകൾ കെ.എസ്.ആർ.ടി.സി. ഫ്ലീറ്റിൽ ഉൾപ്പെടുത്തുന്നതിന്റെ മുന്നോടിയായി ഒരു Four സിലിണ്ടർ 40 Seater AC ബസ് ട്രയൽ റണ്ണിനായി വാഹന നിർമ്മാതാക്കളിൽ നിന്നും ലഭ്യമാക്കി 30 ദിവസത്തെ പരീക്ഷണ ഓട്ടം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പ്രവർത്തന ചെലവ് കുറയ്ക്കൽ, അപകടങ്ങൾ ഒഴിവാക്കൽ എന്നിവയുടെ ഭാഗമായി എല്ലാ ബസ്സുകളുടെ എയർ ലീക്ക് പരിശോധിച്ച് തകരാറുള്ളവ പരിഹരിക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകി നടപടി സ്വീകരിച്ച് വരുന്നു.<br><br>ബസ്സുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി എല്ലാ ബസ്സുകളുടെയും ഇലക്ട്രിക്കൽ സിസ്റ്റം സൂപ്പർ ചെക്കിംഗ് നടത്തി തകരാറുകൾ കണ്ടെത്തി പൂർണ്ണമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>എഞ്ചിൻ റീ-കണ്ടീഷനിംഗ്, ഫ്യുവൽ ഇൻജെക്ഷൻ പമ്പ്, ഗിയർ ബോക്സ് എന്നിവ റീ-കണ്ടീഷനിംഗ് നടത്തുന്നതിലേക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ, ടൂൾസ് എന്നിവ സെൻട്രൽ വർക്ക്ഷോപ്പ്, പാപ്പനംകോട്, റീജിയണൽ വർക്ക്ഷോപ്പ്, എടപ്പാൾ എന്നിവിടങ്ങളിൽ ലഭ്യമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഡീസൽ നഷ്ടപെടുന്നില്ലെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ ബസ്സുകളിലേയും ഇന്ധന ടാങ്കുകളിൽ Lock and Key സംവിധാനം ഏർപ്പെടുത്തി.<br><br>2024-2025 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫണ്ട് ഉപയോഗിച്ച് കാലപഴക്കം ചെന്ന ബസ്സുകൾക്കു പകരം 220 എണ്ണം Fully Built Non AC Diesel BS VI മാനദണ്ഡ പ്രകാരമുള്ള ബസ്സുകൾ വാങ്ങുന്നതിനുള്ള ദർഘാസ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സ്ക്രാപ്പ് ചെയ്ത ബസ്സുകളും, ടയർ, മറ്റ് സ്ക്രാപ്പ് ഇനങ്ങൾ എന്നിവ സമയബന്ധിതമായി കേന്ദ്ര സർക്കാർ സ്ഥാപനമായ Metal Scrap Trading Corporation (MSTC) മുഖേന ഓൺലൈനായി ലേലം ചെയ്ത് വിൽക്കുന്നു.

ടിക്കറ്റ് / ടിക്കറ്റിതര വരുമാന വർദ്ധനവിലൂടെ കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാനം കുറവുള്ള റൂട്ടുകളും, സർവ്വീസുകളും പുനഃക്രമീകരിക്കുകയും, ഡെഡ് കിലോമീറ്റർ പരമാവധി ഒഴിവാക്കിയും, ജീവനക്കാരുടെ ഡ്യൂട്ടി പാറ്റേൺ ക്രമീകരിച്ചും പരമാവധി വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ബസ്സുകളുടെ ഓഫ് റോഡ് 500-ലേക്ക് എത്തിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ യൂണിറ്റ് ഗ്യാരേജ്, സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകൾ കേന്ദ്രീകരിച്ച് നടപ്പിൽ വരുത്തുന്നതിലേക്ക് ജീവനക്കാരെ വിന്യസിച്ച്, സ്പെയർ പാർട്സുകൾ അടക്കം ലഭ്യമാക്കി പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

എല്ലാ ബസ്സുകളും പരിശോധിച്ച് എയർ ലീക്ക് ഇല്ലായെന്ന് ഉറപ്പാക്കുന്നതിനും, തകരാർ ഉള്ള ബസ്സുകൾ അറ്റകുറ്റപ്പണികൾ ശരിയാംവിധം അടിയന്തരമായി നിർവഹിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പുകളിൽ നടത്തിവരുന്ന എല്ലാവിധ മെയിന്റനൻസ് / റിപ്പയർ ജോലികളും ബന്ധപ്പെട്ട യൂണിറ്റ് വർക്ക്ഷോപ്പുകളിൽ നിർവഹിക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ബസുകളിൽ ടിക്കറ്റ് ക്രമക്കേട്, പണാപഹരണം, ടിക്കറ്റില്ലാത്ത യാത്ര എന്നിവ തടയുന്നതിനായി ബസ് പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഇൻസ്പെക്ടർമാരെ ബസ് പരിശോധനകൾക്കായി നിയോഗിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിച്ചും ട്രെയിനിംഗുകൾ നൽകിയും ഇത്തരം കേസുകളിൽ കുറവ് വരുത്തുവാൻ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിനൊപ്പം യൂണിറ്റധികാരിയുടെ അധ്യക്ഷതയിൽ പ്രതിദിന

| | | | |
|---|---|---|---|
| | | | അവലോകനയോഗങ്ങൾ ചേർന്ന് പ്രവർത്തനം വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഫലമായി ടിക്കറ്റ് വരുമാന ചോർച്ച കുറക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>യാത്രക്കാർ ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യുന്നത് മൂലവും യാത്രക്കാരിൽ നിന്ന് നിരക്ക് ഈടാക്കിയതിന് ശേഷം ടിക്കറ്റ് നൽകാത്തതുമൂലവും ഉണ്ടാകുന്ന വരുമാന ചോർച്ച തടയുന്നതിന് പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ഇത്തരം ക്രമക്കേടുകൾ കണ്ടുപിടിക്കുമ്പോൾ യാത്രക്കാരിൽ നിന്നും പിഴയും ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ